(ബി) ഇക്കാര്യത്തിൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ പ്രാഥമികാ ന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടേയും, ജീവനക്കാരുടേയും ഭാഗത്തുനിന്നും യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ലെന്നാണ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ, കുട്ടിയുടെ മാതാപിതാക്കളെ നേരിട്ട് കണ്ടപ്പോൾ ഡോക്ടർമാരുടെയും ജീവനക്കാരുടെയും, ഭാഗത്തുനിന്നും തൃപ്തികരമായ പെരുമാറ്റം ഉണ്ടായിട്ടില്ലെന്നും യഥാസമയം കൃത്യമായ ചികിത്സ ലഭ്യമായില്ലായെന്നും അവർ പറഞ്ഞതായും ആയതിനാൽ ടി വിഷയത്തിൽ ഒരു അന്വേഷണം ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം നടത്തണമെന്നും, ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നകാര്യം തീരുമാനിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യ ഡയാലിസിസ് യൂണിറ്റ്

36 (725) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായത് എന്നാണ്; പ്രസ്തുത യൂണിറ്റിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) സ്ഥലലഭ്യത ഉണ്ടായിട്ടും നിർമ്മാണപ്രവർത്തനം നീളുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റ് പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 5-2-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 114/2013/ധന.ഡി. പ്രകാരം കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയെ ഏൽപ്പിക്കുകയും അവർ സമർപ്പിച്ച അടങ്കൽ തുക ലഭ്യമാക്കുന്നതിനുവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് ഓഫീസിലേക്ക് 10-6-2015-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും കത്ത് നല്കിയിട്ടുമുണ്ട്.

(ബി&സി) പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ തുകയായ 1,24,33,391 രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly